(സി) ഇത് സംബന്ധിച്ച് സർക്കാരിലേക്ക് ഏതെങ്കിലും രൂപത്തിലുള്ള പരാതിയോ അപേക്ഷകളോ കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ഡി) ഇതുവരെയായി ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നടപടി സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ 1997-ൽ നിലവിൽ വന്ന എൽ.പി./യു.പി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

106 [5086] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 1997-ൽ നിലവിൽ വന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ പേര്, നിയമിച്ച സ്ക്കൂൾ വ്യക്തമാക്കികൊണ്ടുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) '1245 പേർക്ക്' നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ താൽക്കാലിക നിയമനം

107 [5087] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയത് ഏതെല്ലാം സ്കൂളുകളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) ഒഴിവുകൾ

108 [5088] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ട്; അതിൽ എൻ.ജെ.ഡി. ഒഴിവുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി ത്വരിത പ്പെടുത്തുമോ?

ഉത്തരം

(എ) പത്തനംതിട്ട .. 4
കൊല്ലം .. 13

എൻ.ജെ.ഡി. ഒഴിവുകൾ

പത്തനംതിട്ട, കൊല്ലം — ഇല്ല.

(ബി) നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരികയാണ്.

പത്തനംതിട്ട ജില്ലയിലെ വാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റ്

109 [5089] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ വാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റിലേക്ക് നിയമനം നടത്താനായി പി.എസ്.സി. അഡ്വൈസ് ചെയ്ത ആർക്കെങ്കിലും ഇനി നിയമന ഉത്തരവ് നൽകാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക്;

(സി) ഇവർക്ക് നിയമനോത്തരവ് നൽകാതിരിക്കാനുള്ള കാരണം എന്ത്;

(ഡി) പി.എസ്.സി.യുടെ 21-2-2003-ലെ പി.ടി.എ. 11 (1)1533/96/പത്തനംതിട്ട എന്ന നമ്പർ പ്രകാരമുള്ള അഡ്വൈസിലെ ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് ചെയ്ത് 5 മാസം ആയിട്ടും നിയമനോത്തരവ് നൽകാതിരിക്കാനുള്ള കാരണമെന്ത്;

(ഇ) ഇവർക്ക് എത്രയും വേഗം നിയമനോത്തരവ് നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്ത നാല് പേർക്ക് നിയമനം നൽകാനുണ്ട്.

(സി, ഡി) വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും അധികമായി കണ്ടെത്തിയ നിരവധി ജീവനക്കാരെ പുനർവിന്യസിക്കേണ്ടതിനാലും ഉദ്യോഗസ്ഥരുടെ പുനർവിന്യാസ പ്രക്രിയ പൂർത്തിയാകാത്തതിനാലും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവുള്ള എല്ലാ കേസുകളിന്മേലും അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്യാൻ അഡ്വക്കേറ്റ് ജനറലിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തതായി അറിഞ്ഞതിനാൽ പത്തനംതിട്ട പി.എസ്.സി. യുടെ 21-2-2003-ലെ പി.ടി.എ. 11 (1)1533/96 പ്രകാരം അഡ്വൈസ് ചെയ്ത 4 പേർക്ക് നിയമനം നൽകിയിട്ടില്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly